(ബി) പ്ലാന്റേഷൻ രംഗത്തെ വിവിധ ആവശ്യങ്ങൾക്കായി ടി ബോർഡിൽനിന്നും സംസ്ഥാന സർക്കാരിന് കഴിഞ്ഞ പത്തുവർഷക്കാലത്ത് എന്തു തുക ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക ആർക്കൊക്കെ ഏതൊക്കെയിനത്തിൽ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

പ്രാദേശിക വാണിജ്യ കരാറും നാണ്യവിളകളുടെ ഇറക്കുമതിയും

69 [3416] ശ്രീ. പി. ടി. തോമസ്:

,, സി. പി. മുഹമ്മദ്:

,, ടി. യു. രാധാകൃഷ്ണൻ:

,, കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേയില, കുരുമുളക്, ഏലം, എന്നീ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി ചുങ്കം എത്രയാണ്;

(ബി) പ്രാദേശിക വാണിജ്യ കരാറനുസരിച്ച് ഈ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ ചുമത്തുന്ന ചുങ്കം എത്രയാണ്;

(സി) ഈ ഉൽപ്പന്നങ്ങൾ കൂടുതലായി ഇറക്കുമതി ചെയ്തിട്ടുള്ളത് പ്രാദേശിക വാണിജ്യക്കരാറിൽ ഉൾപ്പെട്ടിട്ടുള്ള രാഷ്ട്രങ്ങളിൽ നിന്നാണോ; അതോ മറ്റു രാജ്യങ്ങളിൽനിന്നുമാണോ എന്നു പറയാമോ;

(ഡി) പ്രാദേശിക വാണിജ്യക്കരാറിന്റെ പേരിൽ ഇത്തരം സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നത് ബന്ധപ്പെട്ട രാഷ്ട്രങ്ങളിൽമാത്രം ഉൽപ്പാദിപ്പിക്കപ്പെടുന്നവയാണോ എന്ന് ശ്രദ്ധിക്കാറുണ്ടോ?

ഉത്തരം

(എ)	1.	തേയില	..	100 ശതമാനം
	2.	കുരുമുളക്	..	70 ശതമാനം
	3.	ഏലം	..	70 ശതമാനം

(ബി) ഇതനുസരിച്ച് ഇറക്കുമതി ചെയ്യുമ്പോൾ സാധാരണ ഗതിയിൽ ചുമത്തുന്ന ഇറക്കുമതി തീരുവയാണ് ചുമത്തുന്നത്. എന്നാൽ ഇൻഡോ ശ്രീലങ്കൻ സ്വതന്ത്ര വ്യാപാരകരാറിന്റെ അടിസ്ഥാനത്തിൽ ശ്രീലങ്കയിൽനിന്നുള്ള എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും തീരുവരഹിതമായ ഇറക്കുമതി അനുവദിക്കപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുരുമുളക് കൂടുതലായി ഇറക്കുമതി ചെയ്യപ്പെടുന്നത് വിയറ്റ്നാം, ശ്രീലങ്ക, ഇൻഡോനേഷ്യ, മലേഷ്യ തുടങ്ങിയ രാഷ്ട്രങ്ങളിൽ നിന്നുമാണ് തേയില കൂടുതലായും ഇറക്കുമതി ചെയ്യപ്പെടുന്നത്. തേയിലയുടെ ഉൽപ്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഇൻഡോനേഷ്യ, കെനിയ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽനിന്നാണ് ഏലം പ്രധാനമായും ഗ്വാട്ടിമലയിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്.

(ഡി) ഇക്കാര്യം ഉറപ്പുവരുത്തുന്നതിനായിട്ടാണ് സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ നിബന്ധന കയറ്റിറക്കുമതി നയങ്ങൾ പ്രകാരം ഏർപ്പെടുത്തിയിട്ടുള്ളത്. ഈ നിബന്ധന ഫലപ്രദമായി നിഷ്ക്കർഷിക്കുന്നതിനുവേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. ഈ നിബന്ധന കർക്കശമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടു വരികയാണ്.

കാപ്പി കർഷകർക്കുവേണ്ടി പ്രത്യേക പാക്കേജ്

70 [3418] ശ്രീ. കെ. ബാബു:

,, ലൂഡി ലൂയിസ്:

,, ഡി. സുഗതൻ:

,, വി. ഡി. സതീശൻ:

,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യവിളകൾ കൃഷിചെയ്യുന്ന കർഷകർ കൃഷിക്കു ബാധിച്ച ഉണക്കും കടക്കെണിയുംമൂലം ആത്മഹത്യ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർ, എവിടെയെല്ലാം;

(സി) കടക്കെണിയിൽപ്പെട്ടുഴലുന്ന കാപ്പികർഷകർക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് പ്രത്യേക പാക്കേജിനു രൂപം നൽകുന്നുണ്ടോ ;

(ഡി) അവരുടെ വായ്പയും പലിശയും എഴുതിതള്ളണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് കടക്കെണിയും ഉണക്കുംമൂലം 2000 മുതൽ 2004 വരെ 218 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. വാണിജ്യവിളകൾ മാത്രം കൃഷിചെയ്യുന്ന കർഷകർ ആത്മഹത്യ ചെയ്തത് സംബന്ധിച്ച് കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) കടക്കെണിയും വിലത്തകർച്ചയുംമൂലം ദുരിതമനുഭവിക്കുന്ന കാപ്പി കർഷകർക്ക് ആശ്വാസം നൽകുന്നതിനായി ഒരു സ്പെഷ്യൽ കാപ്പി ടേം ലോൺ പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്രസർക്കാരും കോഫിബോർഡും ചേർന്ന് രൂപം നൽകി നടപ്പാക്കിവരുന്നു.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly